Page 1 of 1

413 പരാതികൾ. പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം-2 ആയി* ചേർക്കുന്നു. അർഹരായവരുടെ പരാതികളിൽ നടപടി സ്വീകരിച്ച് വിവരം രേഖാ മൂലം/ഫോൺ മുഖേന അറിയിക്കാറുണ്ട്.

(ഡി) ബി.പി.എൽ. കാർഡുകൾ സംബന്ധിച്ച് ജില്ലയിലെ അപ്പീൽ അധികാരി ആരാണെന്ന് അറിയിക്കുമോ; ജില്ലാ കളക്ടർമാരെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ അധികാരപ്പെടുത്തിയിട്ടുണ്ടോ?

മുൻഗണനാകാർഡുകളെ സംബന്ധിച്ച് പരാതികൾ താലൂക്ക് തലത്തിൽ തീർപ്പാകാത്തപക്ഷം ഇതുസംബന്ധിച്ചുള്ള അപ്പീൽ അപേക്ഷകൾ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് നൽകാവുന്നതാണ്. എന്നാൽ ജില്ലാ കളക്ടർമാരെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ അധികാരപ്പെടുത്തിയിട്ടില്ല.

ഭൂപരിധി മാനദണ്ഡം

303 (5028) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഭൂപരിധി ഒരു മാനദണ്ഡമായി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഭൂപരിധി എത്രയാണെന്ന് വ്യക്തമാക്കാമോ;

&

(ബി) ഭൂപരിധി നിശ്ചയിച്ചതുമൂലം വയനാട് ജില്ലയിലെയും മറ്റ് മലയോര മേഖലകളിലേയും കർഷകർ മുൻഗണനാ ലിസ്റ്റിൽനിന്നും പുറത്തായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. റേഷൻ മുൻഗണനാവിഭാഗത്തെ കണ്ടെത്തുന്നതിനായി സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള മാനദണ്ഡ (18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/2017/ഭ.പൊ.വി.വ.) പ്രകാരം പട്ടികവർഗ്ഗക്കാർ ഒഴികെയുള്ളവർക്ക് ഭൂപരിധി ഒരു ഏക്കറായി നിജപ്പെടുത്തിയിട്ടുണ്ട്. പട്ടികവർഗ്ഗക്കാർ ഒഴികെ ഒരേക്കറിന് മുകളിൽ ഭൂമിയുള്ള മുൻഗണന കാർഡുകൾ കാർഡുടമയുടെ അപേക്ഷപ്രകാരവും ഫീൽഡ് തല പരിശോധന പ്രകാരവും പൊതുവിഭാഗത്തിലേക്ക് മാറ്റിനൽകിയിട്ടുണ്ട്. നിലവിലെ മാനദണ്ഡപ്രകാരം ഒരേക്കറിനു മുകളിൽ ഭൂമിയുള്ളവരെ മുൻഗണനയ്ക്കായി പരിഗണിക്കാൻ കഴിയില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly